ചീഫ് എഞ്ചിനീയർ (ലോക്കൽ വർക്സ് പി. ഡബ്ളിയു. ഡി.), ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ എന്നീ ഏജൻസികൾവഴിയാണ് മുകളിൽ പറഞ്ഞ ആറ് പദ്ധതികളും നടപ്പിലാക്കി വരുന്നത്. ഇതുകൂടാതെ ജില്ലാ കളക്ടർമാരും, റവന്യൂ ബോർഡും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും ഭവന നിർമ്മാണ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

വെള്ളപ്പൊക്കക്കെടുതികൾക്കും വരൾച്ചക്കും ലഭിച്ച സാമ്പത്തിക സഹായം

258. [314] ശ്രീ. കെ. മുസ്സാക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ വെള്ളപ്പൊക്കക്കെടുതികൾക്കും വരൾച്ചയ്ക്കുമായി എത്ര കോടി രൂപയുടെ സാമ്പത്തിക സഹായത്തിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു ;

(ബി) കേന്ദ്രം എത്ര കോടി രൂപയുടെ സഹായം അനുവദിച്ചു ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ വെള്ളപ്പൊക്കക്കെടുതികൾക്കും വരൾച്ചയ്ക്കുമായി മൊത്തം 2170.58 കോടി രൂപയുടെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിരുന്നു.

(ബി) കേന്ദ്ര ഗവൺമെന്റ് 213.09 കോടി രൂപയുടെ ചെലവിനങ്ങൾ അംഗീകരിച്ചെങ്കിലും 167.18 കോടി രൂപയാണ് സഹായധനമായി അനുവദിച്ചിട്ടുള്ളത്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച തുക

259. [315] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് സഞ്ചിത നിധിയിൽ നിന്ന് എത്ര സംഖ്യ ചെലവഴിച്ചു ;

(ബി) ഓരോ ജില്ലയിലേക്ക് നീക്കി വച്ചിരുന്ന സംഖ്യ എത്ര വീതം ;

(സി) ഈ സംഖ്യകൾ യഥാസമയം ചെലവഴിക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഈ വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് സഞ്ചിത നിധിയിൽ നിന്ന് 10 കോടി രൂപ ചെലവഴിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും ചില വകുപ്പ് തലവൻമാർക്കും നൽകി.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) സഞ്ചിത നിധിയിൽ നിന്ന് നൽകിയ സംഖ്യ അടിയന്തിരമായി ചെലവഴിച്ചിരിക്കണമെന്ന് കളക്ടർമാർക്കും വകുപ്പു തലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (315) കാണുക]

ജില്ലയുടെ പേര്	നിക്ഷിപ്ത സംഖ്യ	
തിരുവനന്തപുരം	45.00	ലക്ഷം രൂപ
കൊല്ലം	45.00	,,
പത്തനംതിട്ട	55.00	,,
കോട്ടയം	65.00	,,
ആലപ്പുഴ	205.00	,,
ഇടുക്കി	40.00	,,
എറണാകുളം	45.00	,,
തൃശ്ശൂർ	50.00	,,
പാലക്കാട്	45.00	,,
മലപ്പുറം	40.00	,,
കോഴിക്കോട്	50.00	,,
വയനാട്	57.50	,,
കണ്ണൂർ	40.00	,,
കാസർകോട്	37.50	,,
കൃഷിവകുപ്പ് ഡയറക്ടർ	100.00	,,
ആരോഗ്യവകുപ്പ് ഡയറക്ടർ	80.00	,,
ആയുർവേദ വകുപ്പ്	16.00	,,
ഹോമിയോ	4.00	,,
ആകെ	1,000.00	,,

LIBRARY ARCHIVES Kerala Legislative Assembly